# അക്ഷയജാലകം

ന്യൂസ് ബുള്ളറ്റിൻ

AKSHAYA Gateway of Opportunities — KERALA STATE IT MISSION

Issue - 4 | **Enabling Akshaya is Empowering Kerala** | 2017 December


# ടോൾ പ്ലാസയിൽ കാത്തുനിൽക്കണ്ട

## ഫാസ്ടാഗ് രജിസ്ട്രേഷൻ അക്ഷയവഴി നടത്താം

ടോൾ പ്ലാസകളിൽ ക്യൂ ഒഴിവാക്കി യാത്ര സുഗമമാക്കാൻ വാഹനങ്ങളിൽ ഫാസ്ടാഗ് സംവിധാനം നടപ്പിലായി. ഡിജിറ്റൽ പണമിടപാടിലൂടെ ടോൾ അടയ്ക്കുവാനുള്ള സൗകര്യമാണ് ഫാസ്ടാഗ്. വാഹനം ടോൾപ്ലാസയിലൂടെ കടന്നുപോകുമ്പോൾ റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ സങ്കേതികവിദ്യയിലൂടെ ടോൾ തുക ആട്ടോമറ്റിക്കായി അടയ്ക്കുവാൻ ഇതുവഴി കഴിയുന്നു. ഇതിനായി രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന ടാഗ് വാഹനത്തിന്റെ വിൻഡ് സ്ക്രീനിൽ പതിക്കണം. റീചാർജിംഗ് സംവിധാനത്തിലൂടെ മുൻകൂട്ടി പണമടക്കാൻ കഴിയും. ഈ പ്രീപെയ്ഡ് അക്കൗണ്ടിനെ റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷനുമായി ബന്ധിപ്പിച്ച് വാഹനം കടന്നുപോകുമ്പോൾ ടോൾ തുക അക്കൗണ്ടിൽനിന്ന് കുറവ് ചെയ്യും. കേന്ദ്ര ഗതാഗത മന്ത്രാലയമാണ് പദ്ധതി നടപ്പാക്കുന്നത്. പണമടയ്ക്കാനുള്ള തിരക്ക്, വാഹനങ്ങളുടെ ക്യൂ, എന്നിവ ഒഴിവാക്കാനും സമയം ലാഭിക്കാനും ഫാസ്ടാഗ് സംവിധാനം വ്യാപകമാക്കുന്നതിലൂടെ സാദ്ധ്യമാകും. 100 രൂപ മുതൽ ഒരു ലക്ഷം രൂപവരെ ഫാസ്ടാഗിൽ റീചാർജ്ജ് ചെയ്യാം. ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, നെഫ്റ്റ്, ആർ.ടി.ജി.എസ്. തുടങ്ങിയ മാർഗങ്ങളിലൂടെ പണമടയ്ക്കാൻ കഴിയും. സി.എസ്.സികൾ വഴി ഇതിനുള്ള രജിസ്ട്രേഷൻ തുടങ്ങിക്കഴിഞ്ഞു.

## അക്ഷയ റേഡിയോ: പ്രക്ഷേപണത്തിന് സജ്ജമായി




മലപ്പുറം ജില്ല അക്ഷയ പ്രോജക്ടിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഓൺലൈൻ റേഡിയോ ജനുവരിയിൽ പ്രക്ഷേപണം ആരംഭിക്കും. ജില്ലാ കളക്ടർ അമിത് മീണയുടെ നിർദ്ദേശപ്രകാരമാണ് പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്. പൊതു വാർത്തകൾ, സർക്കാർ അറിയിപ്പുകൾ, വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ അക്ഷയയുമായി ബന്ധപ്പെട്ട സേവനങ്ങൾ തുടങ്ങിയ റേഡിയോ വഴി ശ്രോതാക്കളിലെത്തിക്കും. രാവിലെ 10 മുതൽ വൈകിട്ട് 5 വരെ ഒരു മണിക്കൂർ ഇടവിട്ട് പതിനഞ്ച് മിനിറ്റ് ദൈർഘ്യമുള്ള വാർത്തകൾ പ്രക്ഷേപണം ചെയ്യും. www.akshayaradion.com എന്ന സൈറ്റിൽനിന്ന് സേവനം ലഭ്യമാകും.

## നവജാത ശിശുക്കളുടെ ആധാർ എൻട്രോൾമെന്റ്

നവജാതശിശുക്കളുടെ ആധാർ രജിസ്ട്രേഷന്റെ കോട്ടയം ജില്ലാതല ഉദ്ഘാടനം ആരോഗ്യവകുപ്പ് മന്ത്രി ശ്രീമതി കെ.കെ. ശൈലജ നിർവ്വഹിച്ചു. കോട്ടയം ജില്ലാ ആശുപത്രിയിൽ നടന്ന ചടങ്ങിൽ കളക്ടർ ശ്രീ ബി. എസ്. തിരുമേനി, ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ, നഗരസഭാ അദ്ധ്യക്ഷ പി.ആർ. സോന എന്നിവർ പങ്കെടുത്തു.



നവജാതശിശുക്കളുടെ ആധാർ രജിസ്ട്രേഷൻ ആരോഗ്യവകുപ്പ് മന്ത്രി ശ്രീമതി കെ.കെ. ശൈലജ നിർവ്വഹിക്കുന്നു




# പുതുവൽസരാശംസകൾ

# ഹജ്ജ് ഓൺലൈൻ അപേക്ഷ: കേരളം മുന്നിൽ

ഈവർഷത്തെ ഹജ്ജ് അപേക്ഷയ്ക്കുള്ള ഓൺലൈൻ സൗകര്യം കൂടുതലും പ്രയോജനപ്പെടുത്തിയത് കേരളീയർ. കേരളത്തിൽനിന്നുള്ള അപേക്ഷകളിൽതൊണ്ണൂറ്റി മൂന്ന് ശതമാനം അപേക്ഷകളും ഓൺലൈനായിട്ടാണ് നൽകിയിട്ടുള്ളത്. അക്ഷയ വഴി ഈ സൗകര്യം ധാരാളം പേർ പ്രയോജനപ്പെടുത്തി. അപേക്ഷ സമർപ്പിച്ച മുഴുവൻ പേർക്കും കവർ നമ്പർ നൽകിയിട്ടുണ്ട്. ഹജ്ജ് കമ്മിറ്റി വെബ്സൈറ്റിൽനിന്നും കവർ നമ്പർ ലഭ്യമാണ്

## ടെക്നിക്കൽ ക്ലിനിക്ക് സംഘടിപ്പിക്കും

ആധാർ അടക്കം വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട് സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിനായി ജില്ലകൾതോറും ടെക്നിക്കൽ ക്ലിനിക്കുകൾ സംഘടിപ്പിക്കും. ക്ലിനിക്കിൽവച്ചുതന്നെ ബാങ്കിംഗ്, ആധാർ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ബന്ധപ്പെട്ട ഓഫീസുകളുടെ സഹായത്തോടെ പരിഹരിക്കേണ്ടവയ്ക്ക്, അതിനാവശ്യമയ നടപടി സ്വീകരിക്കുകയും ചെയ്യും.

## *പി.എസ്.സി. ബുള്ളറ്റിൻ അക്ഷയ കേന്ദ്രങ്ങളിലൂടെ*

*കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക തൊഴിൽ വാർത്താ പ്രസിദ്ധീകരണമായ പി.എസ്.സി. ബുള്ളറ്റിന് അക്ഷയ കേന്ദ്രങ്ങൾവഴി വരിക്കാരാകാം. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും അക്ഷയ സംരംഭകർക്ക് വേണ്ടി പി.എസ്.സി നടത്തിയ പരിശീലനത്തെത്തുടർന്നാണ് ബിള്ളറ്റിൻ, പി.എസ്.സി പരീക്ഷാസഹായി എന്നിവ അക്ഷയ കേന്ദ്രംവഴി ലഭ്യമാക്കാനുള്ള നടപടിയായത്. പൈലറ്റടിസ്ഥാനത്തിൽ വയനാട് തുടങ്ങിയ പദ്ധതി വിജയമായതിനെത്തുടർന്നാണ് സംസ്ഥാനത്തെ മുഴുവൻ അക്ഷയകേന്ദ്രങ്ങളിലേക്കും വ്യാപിപ്പിക്കാൻ തീരുമാനിച്ചത്.*

## ഡിജിറ്റൽ സാക്ഷരത: മാസ്റ്റർ ട്രെയിനേഴ്സിനെ തെരഞ്ഞെടുത്തു

ഡിജിറ്റൽ ശാക്തീകരണ പ്രവർത്തനം നടപ്പിലാക്കുന്നതിലേക്ക് സംരംഭകർക്കും പൊതുജനങ്ങൾക്കും പരിശീലനം നൽകാനായി മാസ്റ്റർ ട്രെയിനേഴ്സിനെ തെരഞ്ഞെടുത്തു. 13 മുതൽ 19 വരെ ജില്ലാതലത്തിൽ നടന്ന സംരംഭകരുടെ മീറ്റിംഗിൽ വച്ച് ബ്ലോക്ക്-മുനിസിപ്പാലിറ്റി-കോർപ്പറേഷനുകളെ പ്രതിനിധീകരിച്ചാണ് മാസ്റ്റർ ട്രെയിനേഴ്സിനെ തെരഞ്ഞെടുത്തിട്ടുള്ളത്. ഇവർക്ക് സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് സ്ഥലങ്ങളിൽവച്ച് മേഖലാതല പരിശീലനം നൽകും. തുടർന്ന് മാസ്റ്റർ ട്രെയിനേഴ്സ് സംരംഭകർക്ക് പരിശീലനം നൽകും.

## ആധാർ ലിങ്കിംഗ്: മാർച്ച് 31 വരെ നീട്ടി

ബാങ്ക് അക്കൗണ്ടുമായും വിവിധ സർക്കാർ പദ്ധതികളുമായും ആധാർ ബന്ധിപ്പിക്കേണ്ട 2018 മാർച്ച് 31 വരെ നീട്ടും. നിലവിൽ ആധാർ നമ്പർ ഇല്ലാത്തവർക്കാണ് ഈ സൗകര്യം ലഭിക്കുന്നത്. എന്നാൽ ആധാറും മൊബൈൽ നമ്പറും ബന്ധിപ്പിക്കാനുള്ള അവസാന തീയതി ഫെബ്രുവരി ആറായിരിക്കും.

## അട്ടപ്പാടി ആദിവാസി ഊരുകളിൽ ആധാർ എൻറോൾമെന്റ്

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആദിവാസി ഊരുകളിൽ ആധാർ എൻറോൾമെന്റ്, ഇലക്ഷൻ ഐഡി, ബാങ്ക് അക്കൗണ്ട് തുടങ്ങൽ എന്നിവയ്ക്ക് അക്ഷയയുടെ നേതൃത്വത്തിൽ സൗകര്യമൊരുക്കി. അട്ടപ്പാടിയിലെ പത്ത് ഊരുകളിലെ ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.അട്ടപ്പാടിയിലെ മുഴുവനാളുകൾക്കും ആധാർ ലഭ്യമാക്കാനുള്ള അട്ടപ്പാടി മിഷന്റെ ഭാഗമായിട്ടായിരുന്നു പരിപാടി. 112 പേർ ആധാർ എൻറോൾമെന്റ് നടത്തി.62 പേർ ഇലക്ഷൻ ഐഡി കാർഡിന് രജിസ്റ്റർ ചെയ്തു. 52 പേർ ബാങ്ക് അക്കൗണ്ട് തുടങ്ങി. പോലീസ് ഡിപ്പാർട്ട്മെന്റ്, തണ്ടർബോൾട്ട് എന്നിവരുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.



അട്ടപ്പാടിയിലെ ആധാർ എൻറോൾമെന്റ് ക്യാമ്പിൽനിന്ന്

# ഓൺലൈൻ പണമിടപാടുകൾ നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ



ഓൺലൈൻ പണമിടപാടുകൾ സാർവ്വത്രികമായിക്കൊണ്ടിരിക്കുമ്പോൾത്തന്നെ അതുമായി ബന്ധപ്പെട്ട പലതരം ആശങ്കളും ഉയരുന്നുണ്ട്. അശ്രദ്ധമായി ഓൺലൈൻ പണമിടപാടുകൾ നടത്തുന്നതും വേണ്ടത്ര അറിവില്ലാതെ ചതിക്കുഴികൾ ചെന്നുപെടുന്നതും ഇന്ന് സാധാരണമാണ്. ഓൺലൈൻ പണമിടപാടുകൾ നടത്തുന്നവർ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ താഴെക്കൊടുക്കുന്നു.

ഓൺലൈൻ ഇടപാടുകൾ നടത്തുന്നതിന് നിർബന്ധമായും നിങ്ങളുടെ മൊബൈൽ നമ്പർ ആധാർ നമ്പറുമായും ബാങ്ക് അക്കൗണ്ടുമായും ബന്ധിപ്പിക്കേണ്ടതാണ്. ഓൺലൈൻ ബാങ്കിംഗ് ഇടപാടുകൾ, ആധാർ അധിഷ്ഠിത സേവനങ്ങൾ തുടങ്ങിയവ ചെയ്യുമ്പോൾ സുരക്ഷ ഉറപ്പുവരുത്തുന്നതിനു വേണ്ടി രജിസ്റ്റേർഡ് മൊബൈൽ നമ്പർ / ഇമെയിൽ വിലാസത്തിൽ ല ിക്കുന്ന HäX h W ] mk vh ÀU mW vOTP. ഉപഭോക്താവ് ഈ OTP അതീവ രഹസ്യമായി സൂക്ഷിക്കേണ്ടതാണ്. പല സാഹചര്യങ്ങളിലും ഈ OTP ആവശ്യപ്പെട്ടുകൊണ്ടുള്ള ഫോൺ കോളുകൾ വഴി ഉപഭോക്താക്കൾ തട്ടിപ്പിന് ഇരയാകാറുണ്ട്. യാതൊരു കാരണവശാലും OTP ഇതര വ്യക്തികളുമായി പങ്കുവയ്ക്കുവാൻ പാടില്ലാത്തതുമാണ്. ഒരു കാരണവശാലും നിങ്ങളുടെ പാസ് വേർഡ് / പിൻ എന്നിവ നിങ്ങളുടെ എ.റ്റി.എം ഡെബിറ്റ് കാർഡുകളുടെ പുറത്ത് എഴുതിവയ്ക്കുവാൻ പാടില്ല.ബാങ്കുകൾ, സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്ന് നിങ്ങളുടെ പിൻ നമ്പറുകൾ, പാസ് വേർഡുകൾ, OTP, അക്കൗണ്ട് നമ്പർ, ആധാർ നമ്പർ, ഡെബിറ്റ് കാർഡ് നമ്പർ എന്നിവ ചോദിച്ച് യാതൊരു കാരണവശാലും നിങ്ങളെ ബന്ധപ്പെടില്ല. അങ്ങനെ ബന്ധപ്പെടുകയാണെങ്കിൽ അത് വ്യാജ കോളുകളാണ്. ഇത്തരം കോളുകളെപറ്റി നിങ്ങൾ ശ്രദ്ധാലുവാകേണ്ടതാണ്. ഇത്തരം തട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട അധികൃതരെ അറിയിക്കേണ്ടതാണ്. നിങ്ങളുടെ അക്കൗണ്ടുമായി ബന്ധപ്പെട്ട പല പ്രധാനപ്പെട്ട സന്ദേശങ്ങളും രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്കാണ് വരുന്നത്. ബാങ്ക് അക്കൗണ്ട്, ആധാർ എന്നിവയുമായി ബന്ധിപ്പിച്ചിട്ടുള്ള മൊബൈലുകൾ പാസ് വേർഡ് അല്ലെങ്കിൽ പാറ്റേൺ ലോക്ക് ഉപയോഗിച്ച് സുരക്ഷിതമാക്കി വയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## അക്ഷയ ജീവനക്കാർക്ക് പരിശീലനം ആരംഭിച്ചു

അക്ഷയ ജില്ലാ ഓഫീസ് ജീവനക്കാർക്കുള്ള ടെക്നിക്കൽ ട്രെയിനിംഗ് ആരംഭിച്ചു. കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ മൂന്നു മേഖലകളിലായാണ് പരിശീലനം നടത്തുന്നത്. മൂന്നു ദിവസം വീതമാണ് പരിശീലനം. കൊല്ലം മേഖലാ പരിശീലനം കൊല്ലം കളക്ട്രേറ്റ് ഐ.എം.ജി. ഹാളിൽ വച്ചു നടന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ ജീവനക്കാർ മൂന്നു ദിവസത്തെ പരിശീലനത്തിൽ പങ്കെടുത്തു. ഷിനു എസ്, രതീഷ് ആർ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.



അക്ഷയ സ്റ്റാഫ് പരിശീലനം – സതേൺ റീജിയൻ, കൊല്ലം


**റിപ്പോർട്ടുകളും രചനകളും**

ന്യൂസ് ലെറ്ററിൽ ഉൾപ്പെടുത്തുന്നതിലേക്ക് ജില്ലാതലത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും ഫോട്ടോയും newsletteraspo@gmail.com എന്ന മെയിൽ ഐഡിയിലേക്ക് അയച്ചുതരേണ്ടതാണ്.

# ആൽബം



വയനാട് :ഡിജിറ്റൽ ഇന്റഗ്രേഷൻ ജില്ലാതല വർക്ഷോപ്പ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഉഷാകുമാരി ഉദ്ഘാടനം ചെയ്യുന്നു.



തൃശ്ശൂർ : വിയ്യൂർ സെൻട്രൽ ജയിലിൽ ആധാർ എൻട്രോൾ മെന്റ്



പാലക്കാട് : ഓൺലൈൻ ലാന്റ് ടാക്സ് പെയ്മെന്റ് പരിശീലനം



കണ്ണൂർ : കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ്



എറണാകുളം: : കാക്കനാട് ജില്ലാ ജയിലിൽ ആധാർ എൻട്രോൾ മെന്റ്




കൊല്ലം: പി.എസ്.സി. ഓൺലൈൻ അപേക്ഷാ പരിശീലനം: ജില്ലാ കളക്ടർ ഡോ.എസ്. കാർത്തികേയൻ ഐ.എ.എസ് സംസാരിക്കുന്നു.



മലപ്പുറം : സംരംഭകർക്കുള്ള ഐ.ഡി. കാർഡ് വിതരണം



കാസർഗോഡ് : ഇഗ്നോ, ഇലക്ഷൻ ഐ.ഡി, ലേബർ ഡിപ്പാർട്ട്മെന്റ് ഓൺലൈൻ രജിസ്ട്രേഷൻ പരിശീലനം